പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം : T2354 08.05.2017 ലെ മറുപടിക്ക്

## ലൈബ്രറി കൗൺസിലിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ലൈബ്രറി കൗൺസിലിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് എന്തെല്ലാം തരം സഹായങ്ങളാണ് ലൈബ്രറി കൗൺസിൽ വഴിയും സർക്കാർ നേരിട്ടും നൽകി വരുന്നത്; | (എ) കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് വാർഷിക ഗ്രാന്റും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട ഗ്രാന്റും പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രവർത്തന ഗ്രാന്റും നൽകി വരുന്നു. മികച്ച ലൈബ്രറികൾക്ക് താലൂക്ക്/ജില്ല/ സംസ്ഥാന തലത്തിൽ പുരസ്കാരങ്ങളും നൽകി വരുന്നുണ്ട്. ഇതിനു പുറമേ തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളിൽ ഗ്രന്ഥശാലാ സേവനം വിവിധ തലത്തിലുള്ള ജനവിഭാഗങ്ങൾക്ക് എത്തിക്കുന്നതിനും ഗ്രന്ഥശാലാ പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

......2)

| | | |
|---|---|---|
| (ബി) | ഇത്തരം സഹായങ്ങൾ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) വാർഷിക ഗ്രാന്റ് ഗ്രന്ഥശാലകളുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. ഗ്രേഡ് നിശ്ചയിക്കുന്നതിന് ഓരോ വർഷവും ഗ്രഡേഷൻ കമ്മിറ്റി ഗ്രന്ഥശാലകൾ നേരിട്ട് സന്ദർശിക്കാറുണ്ട്. സ്വന്തമായി സ്ഥലമുള്ളവർക്ക് പി.ഡബ്ല്യൂ.ഡി അംഗീകരിച്ച പ്ലാനിന്റേയും എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ കെട്ടിട ഗ്രാന്റ് നൽകിവരുന്നു. പ്രതിമാസ പരിപാടി സംഘടിപ്പിക്കുന്നതിന് ഗ്രേഡ് വ്യത്യാസമില്ലാതെ ഒരു പരിപാടിക്ക് 1000/- രൂപാ വീതം നൽകി വരുന്നുണ്ട്. |
| (സി) | ഗ്രാമീണ ഗ്രന്ഥശാലകളെ നവീകരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഗ്രാമീണ ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കി അവയെ വിജ്ഞാന വിതരണ സേവന കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായവും (പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം, അലമാര,മേശ, കസേര, മറ്റ് ഫർണീച്ചറുകൾ കംപ്യൂട്ടർ മുതലായവ) നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ